# മേലുദ്യോഗസ്ഥൻ സഹപ്രവർത്തകരുടെ മുമ്പിൽവച്ച് കീഴ് ജീവനക്കാരിയോട് ആക്രോശിച്ചത് തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനമല്ല

## ഡൽഹി ഹൈക്കോടതി

W.P. Crl. No. 1639/2019 Dt. 16.9.2019

അഭിലാഷ ദ്വിവേദി x സ്റ്റേറ്റ് ഓഫ് ഡൽഹി

ആൺകുട്ടികളുടെ നിരീക്ഷണാലയത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്ന തസ്തികയിലാണ് ജീവനക്കാരി ജോലി ചെയ്തുവന്നിരുന്നത്. നിരീക്ഷണാലയത്തിന്റെ സൂപ്രണ്ട് പുരുഷനാണ്. വേറെ വനിതകളും പുരുഷന്മാരും ആ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. ഒരു ദിവസം സഹജോലിക്കാരുടെ മുമ്പിൽവച്ച് സൂപ്രണ്ട് ജീവനക്കാരിയോട് ആക്രോശിക്കുകയും ഉച്ചത്തിൽ ശകാരിക്കുകയും ചെയ്തുവെന്ന് കാണിച്ച് ജീവനക്കാരി സ്ഥാപനത്തിലെ ആഭ്യന്തര പരാതിക്കമ്മിറ്റിക്ക് പരാതി നല്കി. പരാതിക്കമ്മിറ്റിയുടെ അദ്ധ്യക്ഷ കുറ്റാരോപിതന്റെ സഹപ്രവർത്തകയാണ്. പരാതിക്കമ്മിറ്റി മുമ്പാകെ ഹാജരായി തെളിവ് നല്കണമെന്ന് പരാതിക്കാരിയോട് ആവശ്യപ്പെട്ടെങ്കിലും അവർ ഹാജരായില്ല. അഞ്ച് തവണ അവസരം നല്കിയിട്ടും പരാതിക്കാരി ഹാജരാകാതിരുന്നതിനാൽ ആഭ്യന്തര പരാതിക്കമ്മിറ്റി ജീവനക്കാരിയുടെ പരാതി തള്ളിക്കളഞ്ഞു. അതിനു ശേഷം പരാതിക്കാരിയെ മറ്റൊരു സ്ഥലത്തേക്ക് സ്ഥലം മാറ്റിക്കൊണ്ട് സൂപ്രണ്ട് ഉത്തരവിട്ടു. ഇതു സംബന്ധിച്ച് പരാതി ഉന്നയിച്ചുകൊണ്ട് ജീവനക്കാരി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സൂപ്രണ്ട് തന്നോട് പല തവണ ലൈംഗികാതിക്രമം കാണിച്ചുവെന്നും മറ്റുള്ളവരുടെ മുമ്പിൽവച്ച് ആക്രോശിച്ചുവെന്നും സുഗമമായും സമാധാനപരമായും ജോലി ചെയ്യാനുള്ള അന്തരീക്ഷം സൂപ്രണ്ട് സൃഷ്ടിക്കുന്നില്ലെന്നും മറ്റുമാണ് റിട്ട് ഹർജിയിൽ ജീവനക്കാരി പ്രസ്താവിച്ചത്. ആഭ്യന്തര പരാതിക്കമ്മിറ്റി ശരിയായ വിധം രൂപീകരിച്ചതല്ലെന്നും സൂപ്രണ്ടിന്റെ സഹപ്രവർത്തകയാണ് കമ്മിറ്റിയുടെ അദ്ധ്യക്ഷയെന്നും ചൂണ്ടിക്കാട്ടിയ പരാതിക്കാരി കമ്മിറ്റിയുടെ പെരുമാറ്റം പക്ഷപാതപരവും മുൻവിധിയോടെയുള്ളതുമാണെന്നും ആരോപിച്ചു. പരാതി തള്ളിക്കളഞ്ഞതും തന്നെ സ്ഥലം മാറ്റിയതും അന്യായമാണെന്നും ജീവനക്കാരി ഹൈക്കോടതിയിൽ ബോധിപ്പിച്ചു. ആഭ്യന്തര പരാതിക്കമ്മിറ്റി മുമ്പാകെ നല്കിയ പരാതിയിൽ സൂപ്രണ്ട് ഉച്ചത്തിൽ ശകാരിച്ചു എന്ന് മാത്രമാണ് പ്രസ്താവിച്ചിട്ടുള്ളതെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. റിട്ട് ഹർജിയിൽ പ്രസ്താവിച്ച കാര്യങ്ങളൊന്നും പരാതിയിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ അക്കാര്യങ്ങൾ പരിഗണനക്കെടുക്കാനാവില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. ആഭ്യന്തര പരാതിക്കമ്മിറ്റിയുടെ അദ്ധ്യക്ഷ സൂപ്രണ്ടിന്റെ സഹപ്രവർത്തകയാണെന്ന കാരണത്താൽ കമ്മിറ്റിയുടെ രൂപീകരണം റദ്ദാക്കാനാവില്ലെന്നും ഹൈക്കോടതി ഓർമ്മിപ്പിച്ചു. സ്ഥലംമാറ്റം സ്ഥാപനത്തിന്റെ മേലധികാരിയുടെ വിവേചനത്തിൽപ്പെട്ടതാകയാൽ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരുടെ മുമ്പാകെയാണ് അത്തരം ആവലാതികൾ ബോധിപ്പിക്കേണ്ടതെന്ന് ഹൈക്കോടതി ഹർജിക്കാരിയെ ഉപദേശിച്ചു. സഹപ്രവർത്തകരുടെ മുമ്പിൽ വച്ച് ആക്രോശിച്ചു എന്ന സംഭവം തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനമായി കണക്കാക്കാനാവില്ലെന്ന് ഹൈക്കോടതി വിലയിരുത്തി. ലൈംഗികച്ചുവയോടെയുള്ള സംഭാഷണം, നോട്ടം, പ്രവൃത്തി, മുതലായവ മാത്രമേ ലൈംഗികപീഡനത്തിന്റെ നിർവ്വചനത്തിൽ വരുകയുള്ളൂവെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഹർജിക്കാരിയുടെ പരാതി തള്ളിക്കളഞ്ഞതിൽ തെറ്റില്ലെന്നു കണ്ട ഹൈക്കോടതി റിട്ട് ഹർജി തള്ളിക്കളഞ്ഞു.